## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3367 — 10.12.2018 -ൽ മറുപടിയ്ക്ക്

## അസ്സൽ ആധാരങ്ങൾ നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചാലക്കുടി അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്കുള്ള ഒറിജിനൽ ആധാരം ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഉണ്ട്. |
| (ബി) മുപ്പത്തിയഞ്ച് വർഷം മുൻപ് വിലയ്ക്ക് വാങ്ങിയ പ്രസ്തുത സ്ഥലത്തിന്റെ എൽ.എ.ആർ. കേസുകൾ ഉണ്ടായിരുന്നത് തീർപ്പു കല്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ഒറിജിനൽ ആധാരം നൽകാത്തത് മൂലം അലോട്ടികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് അസ്സൽ ആധാരങ്ങൾ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ചാലക്കുടി ഭവന പദ്ധതിയുടെ അന്തിമ വില തീർപ്പാക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് അലോട്ടികൾക്ക് അസ്സൽ ആധാരം നൽകുവാൻ കഴിയാത്തത്. ടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 18 സെന്റ് പുറമ്പോക്ക് സ്ഥലം കൂടി ബോർഡിന്റെ പേരിൽ ലഭ്യമാക്കിയ ശേഷം അന്തിമ വില തീർപ്പാക്കി അസ്സൽ ആധാരങ്ങൾ നൽകുന്നതാണ്.<br><br>ഇതുമായി ബന്ധപ്പെട്ട നടപടികൾ തൃശ്ശൂർ കളക്ടറേറ്റിൽ പുരോഗമിച്ചു വരുന്നു. |
| (സി) 18 സെന്റ് പുറമ്പോക്ക് സ്ഥലം ഹൗസിംഗ് ബോർഡിന് പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നഗരസഭാ കൗൺസിലിന്റെ 07.10.2016-ലെ അഞ്ചാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വെ 479/1, 480/2, 481/1-ൽപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത് സർക്കാർ വിജ്ഞാപനം ലഭ്യമായാൽ മാത്രമേ ടി ഭൂമിക്ക് പട്ടയ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. പ്രസ്തുത ഭൂമി ഡിവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Subha S

സെക്ഷൻ ഓഫീസർ